61st Kerala State School Kalolsavam - Jan 03 To 07, 2023
Kozhikode

Item Code: 640 Participant Code: 115

കഥാരചന

വിഷയം : വലക്കണ്ണികൾ

ചുവപ്പുനാട.

"മത്തിച്ചെടയണേ കണ്ടോ.... നല്ല ചൂര തുടിക്കണ കണ്ടോ..... ചെമ്മീൻ ചൊറുക്കണ കണ്ടോ... കടലമ്മ കനിയണേ കണ്ടോ......" രാവിലെതന്നെ ചൂരാട്ടി മുത്തി തവള കരയണ പോലുള്ള അവരുടെ ശബ്ദത്തെ സംഗീതത്തിൽ ചാലിച്ച് പുറപ്പെടുവിക്കാൻ തുടങ്ങി. ലോകത്തെ വിശാലമായ് കുടിലിൽ മുന്നാൽ കയറിനിന്നാൽ നാസികയിൽ ശ്യാസം കയറുക ദുഷ്കരമാണ്. ആ കൂരയുടെ ഉമ്മറത്തിരുന്നാണ് ഈ മുത്തി ഞങ്ങളുടെ പാട്ട്. പണ്ട് കെട്ടിയോൻ മത്തായിന്റെ കൂടെ ചൂരാട്ടിയും കടലമ്മയെ കാണാൻ കടലിൽ പോകും. തുടുത്ത അവരുടെ കൈകൾ യന്ത്രം പോലെ ചലിക്കും. ഒരു നീലക്കര തോർത്തെടുത്ത് റൗക്കയുടെ മേലെയിട്ട്, ദിവാകരനെ അനുസ്മരിപ്പിക്കും വിധം നെറ്റിയില് വട്ടപ്പൊട്ടും തൊട്ടു, വലയെടുത്ത് ഒരൊറ്റയോട്ടമാ... കടലിലേക്ക്. മരണത്തെ മുന്നിൽ കണ്ട് സഞ്ചരിക്കുന്ന മത്സ്യകുഞ്ഞുങ്ങൾ വലക്കണ്ണികൾക്കിടയിൽ കിടന്നുപിടയുന്ന കാണുമ്പോൾ മുത്തി ചുവപ്പിച്ച ചുണ്ടുകൾ വിടർത്തി കൊട്ടിച്ച് നാലോ അഞ്ചോ

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

പല്ലുള്ള വായ കാട്ടി അവരുടെ ഒരു ചിരിയുണ്ട്. എല്ലാം
പിടിച്ചടക്കിയ പെണ്ണിന്റെ ചിരി ! മത്സ്യക്കുഞ്ഞുങ്ങളുടെ
പേടിസ്വപ്നമായിരുന്നു ചപ്പാട്ടി. ആ തീരയിൽ കടലിൽ പോയി
രുന്ന ഏക പെണ്ണായിരുന്നു അവർ. തൊഴിലാളിയൻ പോലും
ചപ്പാട്ടിയെക്കണ്ടാൽ ഒന്ന് പതുങ്ങും. എന്നാൽ ഇന്നവർ
വൃദ്ധയായിരിക്കുന്നു. വാർദ്ധക്യത്തിന്റെ നരച്ചമുടികൾ
തലയെ പൊതിയുമ്പോഴും, ആണിരോഗം ബാധിച്ച കാലുകൾ
നിശ്ചലമായവരുടെ മുട്ടുമടക്കിയപ്പോഴും, ആ അമ്മയു
ടെ കൈകൾ വലയെറിയാൻ തുടിച്ചിരുന്നു. തിരച്ചോര
ങ്ങളുടെ ഇടനാഴിയിലൂടെ വലക്കണ്ണിയിൽ കിടന്ന് പിടയുന്ന
മീനിനെക്കാണുവാൻ ആ മുത്തിയമ്മ കൊതിച്ചിരുന്നു.
അവരുടെ തലമുറയിൽ ജീവിച്ചിരുന്നവർ ഇന്നില്ല...
എന്നാലും അവർ പാടും, ... തന്റെ മോഹങ്ങളുടെ
കണ്ണീർനനവുള്ള പാട്ടുകൾ...
" ഒന്ന് നിർത്ത് മുത്തീ... കാത് കടിക്കണ് "
ചപ്പാട്ടിയുടെ നാലാം തലമുറയിലെ അവസാനത്തെ കണ്ണി
മാലയുടെ വിർപ്പുമുട്ടലിന്റെ വാക്കുകൾ ആ ദ്രവിച്ച
ചുമരിൽ തട്ടി പുറത്തുവന്നു. " അമ്മേ ഞാൻ പോവുന്ന്
കേട്ടാ... നിങ്ങ മരുന്നൊക്കെ കഴിക്കണെ... ഞാൻ
വരാൻ വൈകും " കായിക മേഖലയിൽ മിന്നും

പ്രകടനം കാഴ്ചവച്ചവളാണ് മാല. ദേശീയതലത്തിൽ
പങ്കെടുത്തിട്ടുമുണ്ട്. അന്നാണ് മന്ത്രിക്കുമാർ
അവൾക്ക് ജോലി വാഗ്ദാനവും കൊടുത്തു. ആ
വാഗ്ദാനത്തിന്റെ തുമ്പിൽ തൂങ്ങി ജോലിയന്വേഷിക്കാൻ
അവൾ തലസ്ഥാനത്ത് പോവുകയാണ്. എത്രാമത്തെ
പ്രാവശ്യമാണ് അവളുടെ ഈ ജോലി അന്വേഷണ
സഞ്ചാരം എന്നറിയില്ല. എണ്ണിയാലൊടുങ്ങാത്ത
വലക്കണ്ണികൾക്കിടയിൽ ഏതോ ഒരു കണ്ണിയിൽ അകപ്പെട്ടി
രിക്കുന്ന ഒരു 'അണു' മാത്രമാണ് താനെന്ന് അവൾ
അറിയാം. അപ്പോഴും ആ കണ്ണികൾ പൊട്ടിക്കാൻ ~~അ~~
അവൾ ശ്രമിച്ചുകൊണ്ടേയിരുന്നു.

'ഞങ്ങടെ നാട്ടാ മുത്തി... വയ്യാത്ത കാലും കൊണ്ട്'
"ഞാൻ തോണിക്കേറി പോവ്വാടി.... ഞമ്മ വലെക്കല്
ക്കെന്ന് പെടയണ മീനിനെ കണ്ടാലേ ഈ കെളവിക്ക്
സമാധാനം കിട്ടൂ...... താനെ ആ പാറേടെ അപ്പുറം
മീനിന്റെ നാടാ... അവറ്റകള് കൂട്ടത്തോടെ പാർക്കണേടം
അവിടെ ഈ വല വീശിയാൽ ഓരോ കണ്ണീലും ഓരോ
മീന് പെടയ്ക്കും. അല്ലാ നിങ്ങടെ ങ്ങോട്ടാ വെള്ളപ്പൊക്കം
തന്നെ, അവളൊരു ശീലാവതി ഒരുങ്ങിക്കെട്ടി നടക്കുവാ."
"മുത്തി... ഞാനെയാണത് ജോലി നോക്കിയാ... ഞാ

അടുപ്പിലേക്ക് തീ പൊയ്ക്കോക്കി, ഞാൻ എറങ്ങിയെച്ചു
ന്റെ വിധി അല്ലാതെന്താ......"
"ആ പോടി പെണ്ണേ, ഞാൻ വലിയ മീനിനെ
പിടിക്കാൻ പോവാണ്. നീയോ അന്നത്തിന് വല്ലത്
തേടാൻ പോവാണ്.... ന്റെ കടലമ്മേ ഈ കെളവിക്ക്
ഒരു കൊട്ട മീൻ തരണേ......"
ചുരുട്ടി മുണ്ടി ഒരു വലയുമെടുത്ത് കൊട്ടയും പിടിച്ച്
തോണിയില് കേറി തുഴയുകയാണ്. മാല അവളുടെ
'യോഗ്യതാ സർട്ടിഫിക്കറ്റുകൾ' മാറോടണച്ച് മുന്നോട്ട്
ഒഴുകി...

അവൾ ചെന്നിറങ്ങിയത് ഒരു വലിയ സർക്കാർ
ഓഫീസിന്റെ മുന്നിലാണ്. അവളുടെ റബ്ബർ ചെരുപ്പ്
എത്രവട്ടം ആ ഓഫീസിന്റെ പടിയുടെ, ചവുചവുത്ത
തറയുടെ 'കുത്തുകൾ' കൊണ്ടെന്നറിയില്ല. അവൾ
അകത്തേയ്ക്ക് കയറി. നാല് ദിശയിൽ ദിശയറിയാതെ
എത്തുന്നവർക്ക് ദിശ കാട്ടേണ്ടവർ ഇരിക്കുന്നു......
അവൾ ആദ്യത്തെ മേശയിലൊന്ന് തട്ടി.... സാവധാനമായ
നിദ്രയിൽ ആണ്ടിരുന്ന ആ ഉദ്യോഗസ്ഥൻ മൊഴിഞ്ഞു
"നാളെ കഴിഞ്ഞ് മറ്റന്നാൾ വരൂ", ഈ വാചകം സർക്കാർ ഓഫീസുകളിൽ
'റെക്കോർഡ്' ചെയ്തു വച്ചിരിക്കുകയാണോയെന്നവൾ

അറിയാതെ ചിരിച്ചു. അവൾ അടുത്ത ഒരു മേശയിൽ ഒരു അഭയാർത്ഥിയെപ്പോലെ ചെന്നു. "സർ... എന്റെ ജോലിയുടെ സാദ്ധ്യം അന്വേഷിക്കാൻ വന്നതാണ്" ആ ഉദ്യോഗസ്ഥൻ അവളോട് യോഗ്യതയുടെ തെളിവുകൾ ചോദിച്ചു. ഓരോന്നായി അവൾ ഒരു വക്കീലിനെപ്പോലെ നിരത്തി: "ഈ പെണ്ണിന്റെ കയ്യിൽ എല്ലാമുണ്ടല്ലോ... പറഞ്ഞുവിടാൻ ഒരുമെന്ന് തോന്നുന്നില്ല" അയാൾ ആത്മഗതം പുറപ്പെടുവിച്ചു. "ശരി... കുറച്ചുനേരം പുറത്തിരിക്കൂ ഞാൻ വിളിക്കാം..."

അവൾ തലയാട്ടി... മറ്റൊന്നും പറയാതെ. ഇത്തരം തലയാട്ടലുകൾ അവളുടെ ദൈനംദിന ജീവിതത്തിന്റെ ഭാഗമായിക്കഴിഞ്ഞിരുന്നു. പുറത്തെ കസേരയിൽ 'തലയാട്ടാൻ' വിധിക്കപ്പെട്ട കുറച്ചുപേർ ഇരിപ്പുണ്ട്. അവരുടെ കൂട്ടത്തിൽ അവളും ഇരുന്നു. ചുമരിലുള്ളതിലെ വലയിൽ കിടന്ന് പിടയ്ക്കുന്ന മത്സ്യക്കുഞ്ഞുങ്ങളുടെ ദയനീയ ചിത്രങ്ങൾ പോലെ അവരിലെല്ലാം കണ്ടു. താനും അതേ വലയുടെ കണ്ണിയിൽ തന്നെയല്ലേ ഉള്ളത് എന്ന ചിന്ത അവളിൽ ചിരിയുണർത്തി. കണ്ണീരിന്റെ ദുർഗന്ധം വമിക്കുന്ന ചിരി! കുറച്ചുനേരം കഴിഞ്ഞപ്പോൾ അവിടുത്തെ ഉന്നതഉദ്യോഗസ്ഥന്റെ അടുത്തേക്ക് അവൾ ചെന്നു. ചുവന്ന നാടകൾ അടുക്കിയിരിക്കുന്ന

കാഴ്ച അവളിൽ അന്വേഷണങ്ങൾ സൃഷ്ടിച്ചു.
"സർ, ഞാൻ ദേശീയ കായിക താരമാണ്. ദേശീയ തലത്തിലെ ലോങ്ജംബിന് വെങ്കലം വാങ്ങിച്ചിരുന്നു. നാട്ടിലെ അനുമോദന ചടങ്ങിൽ വച്ച് സ്പോർട്സ് ക്വോട്ടയിൽ ജോലിവാങ്ങിത്തരാമെന്ന് മന്ത്രിഅദ്ദേഹം പറഞ്ഞിരുന്നു. അതന്വേഷിക്കാൻ വന്നതാണ്..."
"അതിനിപ്പൊ ഞാനെന്താ ചെയ്യാനാ മോളേ.. ജോലിവേണമെന്ന് പറഞ്ഞാൽ ഉടനെയെടുത്ത് തരാൻ അത് വല്ല ലഡ്ഡുവോ, കപ്പലണ്ടിയോ മറ്റോ ആണോ... ഇയാൾ സമയം കളയാതെ വീട്ടിപ്പോവാൻ നോക്ക്. ഇവിടെയിപ്പൊ തരാൻ ജോലിയൊന്നും ഇരിപ്പില്ല"
"സർ അങ്ങനെ പറയരുത്..... ജീവിതപ്രശ്നമാണ്"
"ശരി, എന്ത് ജോലിവേണം ഒന്നോർക്കണോടാ"
"സാറേ കളിയാക്കല്ലേ, വീട്ടില് അച്ഛനും അമ്മേം കെടപ്പിലാ... പണ്ടത്തെപ്പോലെ കൂലിപ്പണിയൊന്നും ഒക്കത്തില്ല, ഞങ്ങടെ ആകെയുള്ള പിടിവള്ളിയാ സാറേ ഇത്."
"ഒള്ളടാ ഇത് വലിയ തൊല്ലയായല്ലോ, നിനക്കൊന്നും മലയാളം പറഞ്ഞാൽ മനസ്സിലാവില്ലേ. ശരി ഒരു അപേക്ഷ

61st Kerala State School Kalolsavam - Jan 03 To 07, 2023
Kozhikode

Item Code: 640 Participant Code: 115

പ്രകൃതി തന്നോട് പോ..... വിളിക്കുമ്പോ വന്നാൽ
മതി." അവൾ പുറത്തിറങ്ങി..... വലക്കണ്ണി
മുറുകുകയാണ്, അവൾ ചുരുങ്ങുകയാണ്......
കണ്ണീരിന്റെ ഉപ്പുരസം കടലിനോടെന്ന് വളർന്ന
അവളുടെ നന്മത സഹചാരിയാണ്. അതിൽ
പുതുമയില്ല. അവൾ പ്രകൃതിനൽകിയ അലങ്കാര
ഒരു ചെയലിനുള്ളിൽ വച്ച് ചുവന്ന നാടകൊണ്ട്
കെട്ടി. അവളുടെ കഴുത്ത് ആ കെട്ടിൽ മുറുകുകയാ
ണോ, അങ്ങനെയെങ്കിലും അഴിഞ്ഞുവീഴുമോ, ആ
ചെയൽ തുറക്കപ്പെടുമോ. അറിയില്ല. ആ [illegible]
ഒഴിഞ്ഞമൂലയിൽ വച്ചിരുന്ന ~~[illegible]~~ കെണിയിൽ
കുടുങ്ങിക്കിടക്കുന്ന എലിയുടെ കണ്ണുകൾ അവളെ
ഉറ്റുനോക്കി. നിർവികാരതയുടെ മുത്തുകളണിഞ്ഞ
മാല അവിടെ നിന്നുമിറങ്ങി.

വീട്ടിലെത്തിയപ്പോൾ വലിയമ്മാവും അവർ
കൂട്ടമാണ് അവളെ വരവേറ്റത്. മാലയെ കണ്ടതും
രാവുണ്ണി അമ്മാവൻ ഇറങ്ങിവന്നു. "ചുരുട്ടി മുത്തി
ചോദിക്കുന്നേ....." മാല നടുങ്ങി. അവൾ ~~[illegible]~~
തന്റെ 'യോഗ്യത സർട്ടിഫിക്കറ്റുകൾ' നിലത്തിട്ട്
അകത്തേക്കോടി. 90 വയസ്സിന്റെ ഗാംഭീര്യത്തോടെ

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

ആ മുത്തി നീണ്ട് നിവർന്ന് കിടക്കുകയാണ് - സംതൃപ്തിയുടെ പുഞ്ചിരി അവരിൽ അപ്പോഴും നിറഞ്ഞു നിന്നിരുന്നു. മാല ഒരു ജീവനുള്ള ശവമായി ആ മരിച്ച ശവത്തിന്റെ അരികിലിരുന്നു. ചുരുട്ടി മുത്തി അവസാനമായി എറിഞ്ഞ വലയിലെ കണ്ണികളിൽ മത്സ്യക്കുഞ്ഞുങ്ങൾ പിടിച്ചുകൊണ്ടേയിരുന്നു. ദൂരെനിന്നുവരുന്ന തിര തങ്ങളെ സ്പർശിക്കുമെന്ന പ്രതീക്ഷ ആ മത്സ്യക്കുഞ്ഞുങ്ങളിൽ അപ്പോഴും അവശേഷിച്ചു. അതിന്റെ കണ്ണുകൾ സ്വപ്നകിരണങ്ങളാൽ തിളങ്ങി. മാലയുടെ കണ്ണുകളിൽ പ്രകാശം പുനർജ്ജനിക്കുകയാണോ, ആ ചുവപ്പുനാട അഴിക്കപ്പെടുകയാണോ......

വീണ്ടുമുദിക്കുമെന്ന പ്രതീക്ഷയാൽ ഭൂമിയെ മുത്തമിട്ട് കടലിന്റെ ആഴങ്ങളിലേയ്ക്ക് അരുണൻ അലിഞ്ഞുചേർന്നു. അഴിക്കപ്പെടുമെന്ന പ്രതീക്ഷയിൽ വലക്കെണികൾ കോർത്തിരുന്നു.

വലക്കണ്ണികൾ കെണികളാകുമ്പോൾ, പ്രതീക്ഷയുടെ കണ്ണികളായി അണിനിരക്കുന്നവരിൽ മാല ഒരു കണ്ണിമാത്രം...... കാരണം ജീവിതമാകുന്ന വലക്കണ്ണികളെ കെണികളാക്കുന്നവർ ഇന്നും അനേകമാണ്

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)